പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 4278 — 20.03.2018 ൽ മറുപടിക്ക്

# റോഡ് സുരക്ഷാ എൻഫോഴ്സ്മെന്റിന്റെ പ്രവർത്തനങ്ങൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. എം.ഉമ്മർ | : | ശ്രീ. എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പമന്ത്രി) |
| (എ) സംസ്ഥാനത്ത് നിലവിലുള്ള റോഡ് സുരക്ഷാ എൻഫോഴ്സ്മെന്റിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; പ്രസ്തുത വിഭാഗത്തിന്റെ പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ; | (എ) | മോട്ടോർ വാഹന നിയമം നടപ്പിലാക്കുകയും ആയതുവഴി അപകടങ്ങൾ കുറയ്ക്കുകയും റോഡ് സുരക്ഷ ഉറപ്പുവരുത്തുകയുമാണ് റോഡ് സുരക്ഷാ എൻ ഫോഴ്സ് മെന്റിന്റെ പ്രവർത്തനങ്ങൾ.<br>ബഹു. സുപ്രീം കോടതി നിയോഗിച്ച ജസ്റ്റിസ് കെ.എസ്. രാധാകൃഷ്ണൻ ചെയർമാനായുള്ള റോഡ് സുരക്ഷാ കമ്മിറ്റിയുടെ ഉത്തരവനുസരിച്ച് അമിതവേഗത, വാഹനമോടിയ്ക്കവെയുള്ള മൊബൈൽ ഉപയോഗം, ലഹരി ഉപയോഗിച്ചുള്ള വാഹനമോടിയ്ക്കൽ , ചരക്കു വാഹനങ്ങളിലെ അമിതഭാരം കയറ്റൽ തുടങ്ങിയ കുറ്റകൃത്യങ്ങളിലുൾപ്പെട്ട ഡ്രൈവർമാരുടെ ലൈസൻസ് സസ്പെൻഡ് ചെയ്യുന്നതിനുള്ള കർശന നടപടികൾ സ്വീകരിക്കാൻ പോലീസ് - മോട്ടോർ വാഹന വകുപ്പുകളോടാവശ്യപ്പെട്ടിട്ടുണ്ട്. ടി വകുപ്പുകൾ ഈ വിഷയത്തിൽ നടപടി സ്വീകരിച്ചു വരുന്നു. ഇതു സംബന്ധിച്ച ത്രൈമാസ റിപ്പോർട്ട് റോഡ് സുരക്ഷാ കമ്മിറ്റിയ്ക്കയച്ചു വരുന്നു. ഇതിനു പുറമെ വാഹനാപകട നിരക്ക് 10 % എങ്കിലും കുറയ്ക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കാൻ പോലീസ് - മോട്ടോർ വാഹന വകുപ്പുകളോടാവശ്യപ്പെട്ടിട്ടുണ്ട്. |
| (ബി) റോഡപകടങ്ങൾ കുറയ്ക്കുന്നതിൽ എന്തെല്ലാം പുതിയ കർമ്മ പദ്ധതികളാണ് റോഡ് സുരക്ഷാ എൻഫോഴ്സ്മെന്റ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് | (ബി) | റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട് മോട്ടോർ വാഹന വകുപ്പ് നിരവധി പരിപാടികൾ ആസൂത്രണം ചെയ്തു നടപ്പാക്കുന്നുണ്ട്. റോഡ് സുരക്ഷയ്ക്കായി ഒരു ദശകം എന്ന ലോകാരോഗ്യ സംഘടന തുടക്കമിട്ട പരിപാടിയെ അടിസ്ഥാനമാക്കി മോട്ടോർ വാഹന വകുപ്പ് പുതിയതായി ലൈസൻസ് എടുക്കുന്നവർക്കായി പ്രീ-ഡ്രൈവേഴ്സ് ടെസ്റ്റ് പരിശീലനം, ഡ്രൈവിംഗ് സ്കൂൾ ഇൻസ്ട്രക്ടർമാർക്കുള്ള പരിശീലനം, വിദ്യാർത്ഥികൾക്കും, അദ്ധ്യാപകർക്കും ഉള്ള പരിശീലനം, ട്രാൻസ് പോർട്ട്, നോൺ ട്രാൻസ് പോർട്ട് ഡ്രൈവർമാർക്ക് ഡ്രൈവിങ്ങിലും ട്രാഫിക് അവബോധം |

| | |
|---|---|
| വിശദമാക്കാമോ? | വളർത്തുന്നതിനുമുദ്ദേശിച്ചുള്ള പരിശീലനം, ടിപ്പർ ലോറി, സ്കൂൾ വാഹനങ്ങൾ എന്നിവയിലെ ഡ്രൈവർമാർക്കുള്ള അവബോധന/പരിശീലന ക്ലാസ്സുകളും സംഘടിപ്പിച്ചു വരുന്നു. ഈ പ്രവർത്തനങ്ങൾ കേരളാ റോഡ് സുരക്ഷാ അതോറിറ്റി അനുവദിച്ച ഫണ്ട് ഉപയോഗിച്ചാണ് സംഘടിപ്പിച്ചു വരുന്നത്. ഇവ കൂടാതെ പ്രത്യേക വാഹന പരിശോധനകളും സംഘടിപ്പിക്കുന്നുണ്ട്. കൂടാതെ ആധുനിക സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നതിനുള്ള നടപടികളും ആരംഭിച്ചുകഴിഞ്ഞു. ഇതിന്റെ ഭാഗമായി അപകടം കൂടിയ സ്ഥലങ്ങൾ 24x7 മണിക്കൂറും നിരീക്ഷിക്കുന്നതിനും, വേഗതാപരിധി ലംഘിക്കുന്നവരെ കണ്ടെത്തി നടപടി സ്വീകരിക്കുന്നതിനും ക്യാമറാ നിരീക്ഷണ സംവിധാനങ്ങൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതുകൂടാതെ GPS അധിഷ്ഠിതമായ വാഹന നിരീക്ഷണ സംവിധാനം സംസ്ഥാനത്തെ എല്ലാ ട്രാൻസ്പോർട്ട് വാഹനങ്ങളിലും നടപ്പിലാക്കാനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. നിലവിൽ ലൈസൻസ് നൽകുന്ന സമ്പ്രദായം, വാഹന ക്ഷമതാപരിശോധന എന്നിവ കുറ്റമറ്റതാക്കുന്നതിനായി സംസ്ഥാനത്ത് ആട്ടോമേറ്റഡ് ഡ്രൈവിംഗ് ലൈസൻസ് സംവിധാനവും വാഹന ക്ഷമതാപരിശോധനാ കേന്ദ്രങ്ങളും, എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ്/ സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിലും പ്രൈവറ്റ് പബ്ലിക് പാർട്ണർഷിപ്പ് അടിസ്ഥാനത്തിൽ ഈ വർഷം തന്നെ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. അതു കൂടാതെ ആധുനിക ഇന്റർസെപ്റ്റർ വാഹനങ്ങൾ ഉപയോഗിച്ചുള്ള പരിശോധനകളും ശക്തമാക്കിയിട്ടുണ്ട്. ഇവ കൂടാതെ ബഹുമാനപ്പെട്ട സുപ്രീം കോടതി നിയോഗിച്ച റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട കമ്മിറ്റിയുടെ നിർദ്ദേശാനുസരണം നിലവിൽ അമിത വേഗം, അമിത ഭാരം കയറ്റി വാഹനമോടിക്കൽ, സിഗ്നൽ ലംഘനം, ഡ്രൈവിങ്ങിനിടയിൽ മൊബൈൽ ഫോൺ ഉപയോഗം, മദ്യപിച്ച വാഹനമോടിക്കൽ എന്നീ ട്രാഫിക് നിയമലംഘനങ്ങൾക്ക് ലൈസൻസ് റദ്ദാക്കുന്നതിനുള്ള നടപടികൾ കർശനമായി നടപ്പിലാക്കിവരുന്നു. |

SR~~

സെക്ഷൻ ഓഫീസർ